REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പ് സമയക്രമം തെരഞ്ഞെടുപ്പ് കമ്മീഷൻ ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും.
- ഇന്ത്യൻ രാഷ്ട്രീയത്തിൽ കള്ളപ്പണത്തിന്റെ സ്വാധീനം ഇല്ലാതാക്കാനാണ് ഇലക്ടറൽ ബോണ്ടുകൾ കൊണ്ടുവന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
- തപാൽ വകുപ്പിലെ ഗ്രാമീണ ഡാക് സേവകർക്കായി കേന്ദ്രം സാമ്പത്തിക നവീകരണ പദ്ധതി പ്രഖ്യാപിച്ചു .
- ഇലക്ട്രിക് വാഹനങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്രം ഇ-വാഹന നയം പുറത്തിറക്കി.
- മുൻഗണനാ കാർഡുകളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും മസ്റ്റർ ചെയ്യാൻ സമയവും സാവകാശവും ഗവൺമെന്റ് ഉറപ്പുവരുത്തുമെന്ന് മന്ത്രി G.R അനിൽ.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ ഫൈനലിൽ.

## വാർത്തകൾ വിശദമായി

**ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയക്രമം തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. ഡൽഹിയിലെ**

വിജ്ഞാൻ ഭവനിൽ ഉച്ചയ്ക്ക് ശേഷമായിരിക്കും പ്രഖ്യാപനം. ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ചില സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ സമയ ക്രമവും കമ്മീഷൻ പ്രഖ്യാപിക്കും.

നിലവിലെ ലോക്സഭയുടെ കാലാവധി ജൂൺ 16ന് ആണ് അവസാനിക്കുന്നത്. 2019-ൽ, ഏപ്രിൽ, മെയ് മാസങ്ങളിലായി ഏഴ് ഘട്ടങ്ങളിലായാണ് ലോക്സഭാ തിരഞ്ഞെടുപ്പ് നടന്നത്. ഇത്തവണയും ഏപ്രിൽ, മെയ് മാസങ്ങളിൽ പല ഘട്ടങ്ങളിലായി പോളിങ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിന് BJP ഇതുവരെ, 267 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് 82 സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി. ഇടതുപക്ഷവും TMCയും ആം ആദ്മി പാർട്ടിയും മറ്റ് ചില പാർട്ടികളും നിരവധി ലോക്സഭാ സീറ്റുകളിലേക്കു സ്ഥാനാർത്ഥികളെ ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. ഇവരെല്ലാം പ്രചാരണത്തിൽ സജീവമായി കഴിഞ്ഞു.

✪✪✪

ഇന്ത്യൻ രാഷ്ട്രീയത്തിൽ കള്ളപ്പണത്തിന്റെ സ്വാധീനം ഇല്ലാതാക്കാനാണ് ഇലക്ടറൽ ബോണ്ടുകൾ കൊണ്ടുവന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച സുപ്രീം കോടതി ഉത്തരവ് പൂർണ്ണമായി മാനിക്കുന്നു എന്നും ഇലക്ടറൽ ബോണ്ടുകൾ പൂർണ്ണമായും റദ്ദാക്കുന്നതിന് പകരം അത് മെച്ചപ്പെടുത്തേണ്ടതായിരുന്നുവെന്നും അദ്ദേഹം

പറഞ്ഞു. ന്യൂഡൽഹിയിൽ ഒരു മാധ്യമ സംഘം സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ.

20,000 കോടി രൂപയുടെ ഇലക്ടറൽ ബോണ്ടുകളിൽ ബിജെപിക്ക് ലഭിച്ചത് ആറായിരം കോടി രൂപയാണെന്നും അദ്ദേഹം പറഞ്ഞു. 14,000 കോടി രൂപയുടെ ബോണ്ടുകൾ എവിടെപ്പോയി എന്ന ചോദ്യവും അമിത് ഷാ ഉന്നയിച്ചു.

✪✪✪

BRS നേതാവും തെലങ്കാന മുൻ മുഖ്യ മന്ത്രിയുമായ ചന്ദ്രശേഖർ റാവുവിന്റെ മകൾ K. കവിതയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. ഹൈദരാബാദിലെ വസതിയിൽ എത്തിയാണ് കവിതയെ E.D അറസ്റ്റ് ചെയ്ത് ഡൽഹിയിലേക്ക് മാറ്റിയത്. അറസ്റ്റ് രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് BRS നേതാക്കൾ പ്രതികരിച്ചു.

അതിനിടെ, മദ്യ നയവുമായി ബന്ധപ്പെട്ട് ED ഫയൽ ചെയ്ത കേസിൽ കോടതി നടപടികൾ സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സമർപ്പിച്ച ഹർജി ഡൽഹി സെഷൻസ് കോടതി തള്ളി. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമമനുസരിച്ചു കെജ്‌രിവാളിന് തുടർച്ചായി സമൻസ് അയച്ചിട്ടും ഹാജരാകാത്തതിനെ തുടർന്നാണ് ED കോടതിയെ സമീപിച്ചത്.

✪✪✪

തപാൽ വകുപ്പിലെ 2 ലക്ഷത്തി 56,000 ത്തിലധികം ഗ്രാമീണ ഡാക് സേവകർക്കായി കേന്ദ്ര വാർത്താവിനിമയ മന്ത്രി അശ്വിനി വൈഷ്ണവ് സാമ്പത്തിക നവീകരണ പദ്ധതി

ഡൽഹിയിൽ പുറത്തിറക്കി. 12, 24, 36 വർഷത്തെ സേവനത്തിൽ മൂന്ന് അപ്ഗ്രേഡുകൾ വാഗ്ദാനം ചെയ്യുന്നതാണ് പദ്ധതി. 12 വർഷ സേവനത്തിന് 4,320 രൂപയും 24 വർഷ സേവനത്തിന് 5,520 രൂപയും 36 വർഷ സേവനത്തിന് 7,200 രൂപയും വാർഷിക വരുമാനം വർദ്ധിക്കും. സമയബന്ധിത തുടർച്ച അലവൻസ് TRCA പോലെ നിലവിലെ നഷ്ടപരിഹാരത്തിന് പുറമേയാണിത്.

✪✪✪

ഇലക്ട്രിക് വാഹനങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ഗവണ്മെന്റ് ഇ-വാഹന നയം പുറത്തിറക്കി. ഇ-വാഹന മേഖലയിൽ നിക്ഷേപം ആകർഷിക്കാൻ ലക്ഷ്യമിടുന്നതാണ് നയം.

ക്രൂഡ് ഓയിൽ ഇറക്കുമതിയും വ്യാപാര കമ്മിയും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുന്നതിനും നയം ലക്ഷ്യമിടുന്നു.ഇ-വാഹന മേഖലയിൽ കമ്പനികൾ കുറഞ്ഞത് 4,150 കോടി രൂപയുടെ നിക്ഷേപം നടത്തണം. പരമാവധി നിക്ഷേപത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. ഇ-വാഹനങ്ങളുടെ നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതിനും കമ്പനികൾക്ക് 3 വർഷത്തെ സമയമുണ്ട്. ഈ പദ്ധതി അനുസരിച്ച് പ്രതിവർഷം 8,000 ഇ-വികളിൽ കൂടുതൽ ഇറക്കുമതി ചെയ്യാൻ അനുവദിക്കില്ല.

✪✪✪

വാഹനങ്ങളിൽ പിൻസീറ്റ് ബെൽറ്റ് ഇട്ടില്ലെങ്കിൽ അലാം മുഴങ്ങുന്ന സംവിധാനം അടുത്തവർഷം ഏപ്രിൽ ഒന്ന് മുതൽ നിർബന്ധമാക്കും. ഇതിന്റെ കരട് വിജ്ഞാപനം കേന്ദ്ര ഗവണ്മെന്റ് പ്രസിദ്ധീകരിച്ചു. ടാറ്റ സൺസ് മുൻ ചെയര്മാൻ സൈറസ് മിസ്ട്രി വാഹനാപകടത്തിൽ മരിച്ചതിനു പിന്നാലെ സമാനമായ കരട് വിജ്ഞാപനം ഇറക്കിയിരുന്നു. ഇതിന്റെ കാലാവധി തീർന്നതോടെയാണ് പുതിയത് പ്രസിദ്ധീകരിച്ചത്.

✪✪✪

വ്യവസായ വകുപ്പിന്റെ കീഴിലെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്കു അവാർഡുകൾ മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് വിതരണം ചെയ്തു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയാണ് മികച്ച പൊതുമേഖലാ സ്ഥാപനങ്ങൾ. അഞ്ച് ലക്ഷം രൂപയും പ്രശസ്തിഫലകവുമടങ്ങുന്നതാണ് പുരസ്കാരം. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രേഖപ്പെടുത്തിയ വാർഷിക വളർച്ചാനിരക്ക് ഉൾപ്പെടെ ഘടകങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണ്ണയിച്ചത്. ട്രാവൻകൂർ കൊച്ചിൻ ലിമിറ്റഡ് എംഡി കെ. ഹരികുമാർ, കേരളാ സിറാമിക്സ് ലിമിറ്റഡ് എംഡി പി. സതീശ് കുമാർ എന്നിവർക്കാണ് മികച്ച മാനേജിംഗ് ഡയറക്ടർക്ക് നൽകുന്ന പുരസ്കാരം. ഒരു ലക്ഷം രൂപയും പ്രശസ്തിഫലകവുമടങ്ങുന്നതാണ് അവാർഡ്. ഇതോടൊപ്പം മാധ്യമ പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു.

✪✪✪

എല്ലാ ഗുണഭോക്താക്കൾക്കും മസ്റ്റർ ചെയ്യാൻ സമയവും സാവകാശവും ഗവൺമെന്റ് ഉറപ്പുവരുത്തുമെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും മന്ത്രി G.R അനിൽ പറഞ്ഞു.

ജനങ്ങളിൽ പരിഭ്രാന്തി പടർത്തുന്ന രീതിയിൽ പല സന്ദേശങ്ങളും സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നുണ്ടെന്നും പൊതുവിതരണ വകുപ്പ് ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്ന വസ്തുതകളാണ് വിശ്വാസത്തിൽ എടുക്കേണ്ടതെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

മുൻഗണനാ കാർഡുകളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന കർശന നിർദ്ദേശമാണ് കേന്ദ്രം നൽകിയിരിക്കുന്നത്. റേഷൻ കാർഡിൽ ഉൾപ്പെട്ട മുഴുവൻ അംഗങ്ങളും നേരിട്ടെത്തി ഇ-പോസ് മെഷീനിൽ വിരലടയാളം പതിപ്പിച്ചു മാത്രമേ ഈ പ്രക്രിയ പൂർത്തിയാക്കാൻ കഴിയൂവെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിന് മാത്രമായി ഇതിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ കഴിയില്ല. നിശ്ചിത സമയത്ത് പൂർത്തിയാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന്റെ റേഷൻ വിഹിതത്തെയടക്കം ബാധിക്കാൻ ഇടയുണ്ടെന്നും G.R അനിൽ പറഞ്ഞു.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ ഫൈനലിൽ പ്രവേശിച്ചു. ഡൽഹി അരുൺ ജെയ്റ്റ്ലി

സ്റ്റേഡിയത്തിൽ എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ അഞ്ച് റൺസിന് പരാജയപ്പെടുത്തിയാണ് ബാംഗ്ലൂരിന്റെ ഫൈനലിൽ പ്രവേശം. ബാംഗ്ലൂർ ഉയർത്തിയ 136 റൺസ് വിജയ ലക്ഷ്യം പിൻതുടർന്ന മുംബൈയുടെ ചെറുത്ത് നിൽപ്പ് നിശ്ചിത ഓവറിൽ ആറ് വിക്കറ്റിന് 130 റൺസെടുത്ത് അവസാനിച്ചു.

നാളത്തെ ഫൈനൽ പോരാട്ടത്തിൽ ഡൽഹി കാപ്പിറ്റൽസാണ് ബാംഗ്ലൂരിന്റെ എതിരാളികൾ.

✪✪✪

ബിർമിങ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷവിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ കടന്നു. ലോക പതിനെട്ടാം നമ്പർ താരമായ ലക്ഷ്യ സെൻ ലോക ഒന്നാം നമ്പർ താരം മലേഷ്യയുടെ ലീ സി ജിയെയാണ് തോൽപ്പിച്ചത്.

സെമിയിൽ ലക്ഷ്യ സെൻ വൈകിട്ട് ഇന്തോനേഷ്യയുടെ ജൊനാഥൻ ക്രിസ്റ്റിയെ നേരിടും.

✪✪✪

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. 43 സ്‌ക്വാഡുകളുടെ നേതൃത്വത്തിൽ 502 വ്യാപാര കേന്ദ്രങ്ങളിലാണ് പരിശോധന പൂർത്തിയാക്കിയത്. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 54 സ്ഥാപനങ്ങളിലെ ഷവർമ്മയുടെ നിർമ്മാണവും വിൽപ്പനയും

നിർത്തിവയ്പ്പിച്ചു. 88 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 61 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകിയതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖല സമഗ്രമായ പരിഷ്കാരങ്ങളിലൂടെയും ഇടപെടലുകളിലൂടെയും ലോകസമക്ഷം മറ്റൊരു കേരള മോഡൽ പണിതുയർത്തുന്നതിന്റെ ഏറ്റവും ഒടുവിലത്തെ മാതൃകയാണ് എംജി സർവ്വകലാശാല നേടിയ നാക് എ ഡബിൾ പ്ലസ് എന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കേരള സർവ്വകലാശാലയ്ക്കു പിന്നാലെ രണ്ടാമതൊരു സർവ്വകലാശാലകൂടി കേരളത്തിൽ നിന്ന് ഇതേ ദേശീയ അംഗീകാരത്തിലേക്ക് കുതിക്കുന്നതിനു പിന്നിൽ LDF ഗവണ്മെന്റിന്റെ ഇച്ഛാശക്തിയും മുൻഗണനയുമാണെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കണ്ടല സർവ്വീസ് സഹകരണബാങ്കിലെ നിക്ഷേപകരുടെ പണം തിരിച്ചു നൽകുന്നത് ഉറപ്പുവരുത്താനും ബാങ്കിന്റെ പുനരുദ്ധാണത്തിനും പാക്കേജ് തയാറാക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചു. മന്ത്രി V.N വാസവന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം എടുത്തത്.

✪✪✪

ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും സഹകരണ മേഖലയിൽ തണ്ണീർപന്തലുകൾ ഒരുക്കാൻ മന്ത്രി V.N വാസവൻ നിർദ്ദേശിച്ചു.

എല്ലാ ബാങ്കുകളും അവരുടെ മേഖലയിലെ പൊതു ഇടങ്ങളിലും, വ്യാപാര തെരുവുകളിലും ആവശ്യാനുസരണം 'തണ്ണീർ പന്തലുകൾ' ആരംഭിക്കാനാണ് നിർദ്ദേശം. വേനൽ അവസാനിക്കുന്ന സമയം വരെ തണ്ണീർ പന്തലുകൾ നിലനിർത്തണം മെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യുട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪

സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്നു. ചൊവ്വാഴ്ച്ച വരെ പാലക്കാട്, കൊല്ലം ജില്ലകളിൽ, അന്തരീക്ഷ താപനില 38 ഡിഗ്രി സെൽഷ്യസോളം ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം,

പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട്, കൊല്ലം,ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪